"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല - കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. പി.കെ. സതീഷ് കുമാറിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. KVകുര്യാക്കോസിനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2707/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/11/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 14.08.2014-ലെ ഇ6(വിഇ2/2010/ഐടികെ) 10204/2010 നമ്പർ കത്ത്

2 സർക്കാരിന്റെ 29.11.2014-ലെ 68289/ഇപിബി2/2014/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. സതീഷ് കുമാർ സമർപ്പിച്ച 07.02.2015-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 21.02.2015-ലെ ഡി8-48321/07 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്. നടത്തുന്ന കോവിൽക്കടവിലെ സൂപ്പർ മാർക്കറ്റിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. കാന്തല്ലൂർ സി.ഡി.എസ് യൂണിറ്റ് യൂണിയൻ ബാങ്കിൽ നിന്ന് 6 ലക്ഷം രൂപ വായ്പ എടുത്ത് സൂപ്പർ മാർക്കറ്റ് തുടങ്ങിയെന്നും കാന്തല്ലൂർ പഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾ 2,42,672/- രൂപ സൂപ്പർ മാർക്കറ്റിന്റെ പ്രവർത്തന മൂലധനമായി നൽകിയെന്നും ഈ സമയം മെമ്പർ സെക്രട്ടറിയായിരുന്ന ശ്രീ. കെ.കെ. ഐസക്ക് 28.03.2003-ൽ ബാങ്കിൽ നിന്ന് 30,000/- രൂപ പിൻവലിച്ച് കണക്കിൽ ചേർക്കാതെ ക്രമക്കേട് നടത്തിയെന്നും ടിയാൻ മരണപ്പെട്ടുവെന്നും സി.ഡി.എസ്. മെമ്പർ സെക്രട്ടറിയും കാന്തല്ലൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി.ക്ലാർക്കുമായിരുന്ന ശ്രീ. പി.കെ. സതീഷ് കുമാറിന്റെയും സി.ഡി.എസ് ചെയർപേഴ്സന്റെയും ഭാഗത്തു നിന്ന് സൂപ്പർവൈസറി ലാപ്സ് ഉണ്ടായിട്ടുണ്ടെന്നും വിജിലൻസ് കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സതീഷ് കുമാറിനെതിരെ കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കാനും ശ്രീ.കെ.കെ ഐസക്ക് ക്രമക്കേട് നടത്തിയ 30,000/- രൂപ ശ്രീ. സതീഷ് കുമാറിൽ നിന്നും ഈടാക്കാനും സി.ഡി.എസ്. അംഗങ്ങൾ തങ്ങളുടെ സൂപ്പർമാർക്കറ്റിനുള്ള തങ്ങളുടെ ഓഹരിക്ക് പകരമായി പണം നൽകാതെ കൈപ്പറ്റിയ സാധനങ്ങളുടെ വാങ്ങിയ വിലക്ക് തുല്യമായ തുക ഈടാക്കുന്ന തുകയിൽ നിന്ന് തട്ടികിഴിക്കണമെന്നും വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തു.

വിജിലൻസിന്റെ മേൽ ശുപാർശ പ്രകാരം ശ്രീ. സതീഷ് കുമാറിനെതിരെ പരാമർശം (2) പ്രകാരം

കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും വിജിലൻസ് റിപ്പോർട്ടിലെ ശുപാർശപ്രകാരം ശ്രീ. സതീഷ് കുമാറിൽ നിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ആയതുപ്രകാരം തുക ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കുറ്റപത്രത്തിന് ശ്രീ. സതീഷ് കുമാർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രികയിൽ കാന്തല്ലൂർ സി.ഡി.എസ്. മുൻ ചാർജ്ജ് ഓഫീസർ ശ്രീ. കെ.കെ. ഐസക്ക് 28.03.2003-ൽ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ള 30,000/-രൂപ കണക്കിൽ ചേർത്തിട്ടില്ലാത്തതും ആയത് സംബന്ധമായ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ലായെന്നും ആയത് ടിയാൻ മരണമടഞ്ഞതിനാൽ ടി ബാധ്യത ശ്രീ. സതീഷ് കുമാറിന്റെ ബാധ്യതയായി കണക്കാക്കുമെന്നും ചാർജ്ജ് മെമ്മോയിൽ പറഞ്ഞിരിക്കുന്നതായും 23.01.2005-ൽ മാത്രമാണ് താൻ കുടുംബശ്രീയുടെ ചാർജ്ജ് ഓഫീസറായി ചുമതലയേൽക്കുന്നതെന്നും അതിനാൽത്തന്നെ മുൻ കാലയളവിൽ പിൻവലിച്ച തുക കണക്കിൽ ചേർക്കാത്തതും വൗച്ചറുകൾ ഹാജരാക്കാത്തതും ആ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം മാത്രമാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതെന്നും ടി തുക ശ്രീ. കെ.കെ. ഐസക്കിന്റെ ബാധ്യതയായി മാത്രം നിലനിൽക്കുന്നതാണെന്നും ശ്രീ. ഐസക്ക് മരണപ്പെട്ടതിനാൽ ടി ചാർജ്ജ് ടിയാളിൽ നിന്നും ഒഴിവാക്കുന്നു എന്നതിനാൽ ടി തുക തന്റെ ബാധ്യതയായി കണക്കാക്കുമെന്നത് നിയമപരമായി നിലനിൽക്കുന്നതോ നീതിയുക്തവുമല്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. സതീഷ് കുമാറിനെതിരെ കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ശ്രീ. സതീഷ് കുമാറിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. സതീഷ് കുമാറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. K.V. കുര്യാക്കോസിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആരോപണ വിധേയനായ ഉദ്യോഗസ്ഥന് നൽകി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കുര്യാക്കോസ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി

   (പരാമർശം (1) മുതൽ (4) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. പി.കെ. സതീഷ് കുമാർ, മുൻ യു.ഡി. ക്ലാർക്ക്, കാന്തല്ലൂർഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/234/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ